**ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു**

ദൂത് പതിനൊന്ന്

# നല്ല ദേശത്തിന്റെ വിളവിന്റെ അധികപങ്കും പിതാവായ ദൈവത്തെ സത്യസന്ധതയിൽ സംഘാതമായി ആരാധിക്കുന്നതും

RK *Hymns:* ML110, ML5

തിരുവെഴുത്ത് വായന: ആവ. 8:7-10; 12:6-7, 11-12, 18; 16:15-17; എഫെ. 3:8; യോഹ. 4:23-24

Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്‌വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Deut. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.

Deut. 12:6 അവിടെ തന്നേ നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങളുടെ നേർച്ചകൾ, സ്വമേധാദാനങ്ങൾ, നിങ്ങളുടെ ആടുമാടുകളുടെ കടിഞ്ഞൂലുകൾ എന്നിവയെ നിങ്ങൾ കൊണ്ടുചെല്ലേണം.

Deut. 12:7 അവിടെ നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നിങ്ങൾ ഭക്ഷിക്കയും നിങ്ങളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിച്ചതിനെക്കുറിച്ചു നിങ്ങളും നിങ്ങളുടെ കുടുംബങ്ങളും സന്തോഷിക്കയും വേണം.

Deut. 12:11 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങൾ യഹോവെക്കു നേരുന്ന വിശേഷമായ നേർച്ചകൾ എല്ലാം എന്നിങ്ങനെ ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും നിങ്ങൾ കൊണ്ടുവരേണം.

Deut. 12:12 നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നിങ്ങളും നിങ്ങളുടെ പുത്രന്മാരും പുത്രിമാരും നിങ്ങളുടെ ദാസന്മാരും ദാസിമാരും നിങ്ങളുടെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും സന്തോഷിക്കേണം; അവന്നു നിങ്ങളോടുകൂടെ ഓഹരിയും അവകാശവും ഇല്ലല്ലോ.

Deut. 12:18 അവയെ നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നീയും നിന്റെ മകനും മകളും നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും തിന്നു, നിന്റെ സകലപ്രയത്നത്തെക്കുറിച്ചും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ സന്തോഷിക്കേണം.

Deut. 16:15 യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു നിന്റെ ദൈവമായ യഹോവെക്കു ഏഴു ദിവസം പെരുനാൾ ആചരിക്കേണം; നിന്റെ അനുഭവത്തിൽ ഒക്കെയും നിന്റെ കൈകളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കും; അതുകൊണ്ടു നീ വേണ്ടുംവണ്ണം സന്തോഷിക്കേണം.

Deut. 16:16 നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ആണുങ്ങളൊക്കെയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാളിലും വാരോത്സവത്തിലും കൂടാരപ്പെരുനാളിലും ഇങ്ങനെ സംവത്സരത്തിൽ മൂന്നു പ്രാവശ്യം അവന്റെ സന്നിധിയിൽ വരേണം; എന്നാൽ യഹോവയുടെ സന്നിധിയിൽ വെറുങ്കയ്യായി വരരുതു.

Deut. 16:17 നിന്റെ ദൈവമായ യഹോവ നിനക്കു തന്നിട്ടുള്ള അനുഗ്രഹത്തിന്നു തക്കവണ്ണം ഓരോരുത്തൻ താന്താന്റെ പ്രാപ്തിപോലെ കൊണ്ടുവരേണം.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

**I. ദൈവത്തെ ആരാധിക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി നല്ലദേശത്തിൽ അധ്വാനിച്ച യിസ്രായേൽമക്കളുടെ വിളവിൽനിന്നും ഒരു നിശ്ചിത പങ്ക് അവർ മാറ്റിവച്ചതുകൊണ്ട് നാം *അധികപങ്ക്* എന്ന പദം ഉപയോഗിക്കുന്നു—ആവ. 12:5-15, 17-18, 20-22, 26-27; 14:22-23; 15:19-20; 16:16-17:**

Deut. 12:5 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന്നു നിങ്ങളുടെ സകലഗോത്രങ്ങളിലുംവെച്ചു തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങൾ തിരുനിവാസദർശനത്തിന്നായി ചെല്ലേണം.

Deut. 12:6 അവിടെ തന്നേ നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങളുടെ നേർച്ചകൾ, സ്വമേധാദാനങ്ങൾ, നിങ്ങളുടെ ആടുമാടുകളുടെ കടിഞ്ഞൂലുകൾ എന്നിവയെ നിങ്ങൾ കൊണ്ടുചെല്ലേണം.

Deut. 12:7 അവിടെ നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നിങ്ങൾ ഭക്ഷിക്കയും നിങ്ങളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിച്ചതിനെക്കുറിച്ചു നിങ്ങളും നിങ്ങളുടെ കടുംബങ്ങളും സന്തോഷിക്കയും വേണം.

Deut. 12:8 നാം ഇന്നു ഇവിടെ ഓരോരുത്തൻ താന്താന്നു ബോധിച്ചപ്രകാരം ഒക്കെയും ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുതു.

Deut. 12:9 നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു തരുന്ന സ്വസ്ഥതെക്കും അവകാശത്തിന്നും നിങ്ങൾ ഇതുവരെ എത്തീട്ടില്ലല്ലോ.

Deut. 12:10 എന്നാൽ നിങ്ങൾ യോർദ്ദാൻ കടന്നു നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു അവകാശമായി തരുന്ന ദേശത്തു വസിക്കയും ചുറ്റുമുള്ള നിങ്ങളുടെ സകലശത്രുക്കളെയും അവൻ നീക്കി നിങ്ങൾക്കു സ്വസ്ഥത തരികയും നിങ്ങൾ നിർഭയമായി വസിക്കയും ചെയ്യുമ്പോൾ

Deut. 12:11 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങൾ യഹോവെക്കു നേരുന്ന വിശേഷമായ നേർച്ചകൾ എല്ലാം എന്നിങ്ങനെ ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും നിങ്ങൾ കൊണ്ടുവരേണം.

Deut. 12:12 നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നിങ്ങളും നിങ്ങളുടെ പുത്രന്മാരും പുത്രിമാരും നിങ്ങളുടെ ദാസന്മാരും ദാസിമാരും നിങ്ങളുടെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും സന്തോഷിക്കേണം; അവന്നു നിങ്ങളോടുകൂടെ ഓഹരിയും അവകാശവും ഇല്ലല്ലോ.

Deut. 12:13 നിനക്കു ബോധിക്കുന്നേടത്തൊക്കെയും നിന്റെ ഹോമയാഗങ്ങൾ കഴിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.

Deut. 12:14 യഹോവ നിന്റെ ഗോത്രങ്ങളിൽ ഒന്നിൽ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നീ നിന്റെ ഹോമയാഗങ്ങൾ കഴിക്കേണം; ഞാൻ നിന്നോടു ആജ്ഞാപിക്കുന്നതൊക്കെയും നീ ചെയ്യേണം.

Deut. 12:15 എന്നാൽ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന അനുഗ്രഹത്തിന്നു തക്കവണ്ണം നിന്റെ ഏതു പട്ടണത്തിൽവെച്ചും നിന്റെ മനസ്സിലെ ആഗ്രഹപ്രകാരമൊക്കെയും അറുത്തു മാംസം തിന്നാം; അതു കലമാനിനെയും പുള്ളിമാനിനെയും പോലെ ശുദ്ധന്നും അശുദ്ധന്നും തിന്നാം;

Deut. 12:17 എന്നാൽ നിന്റെ ധാന്യം, വീഞ്ഞു, എണ്ണ എന്നിവയുടെ ദശാംശം, നിന്റെ ആടുമാടുകളുടെ കടിഞ്ഞൂലുകൾ, നീ നേരുന്ന എല്ലാ നേർച്ചകൾ, നിന്റെ സ്വമേധാദാനങ്ങൾ, നിന്റെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ എന്നിവയെ നിന്റെ പട്ടണങ്ങളിൽവെച്ചു തിന്നുകൂടാ.

Deut. 12:18 അവയെ നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നീയും നിന്റെ മകനും മകളും നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിൽ ഉള്ള ലേവ്യനും തിന്നു, നിന്റെ സകലപ്രയത്നത്തെക്കുറിച്ചും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ സന്തോഷിക്കേണം.

Deut. 12:20 നിന്റെ ദൈവമായ യഹോവ നിനക്കു വാഗ്ദത്തം ചെയ്തതുപോലെ അവൻ നിന്റെ അതിർ വിശാലമാക്കുമ്പോൾ നീ മാംസം തിന്മാൻ ആഗ്രഹിച്ചിട്ടു: എനിക്കു മാംസം തിന്നേണം എന്നു പറഞ്ഞാൽ നിന്റെ ഇഷ്ടംപോലെ ഒക്കെയും നിനക്കു മാംസം തിന്നാം.

Deut. 12:21 നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുത്ത സ്ഥലം ഏറെ ദൂരത്താകുന്നു എങ്കിൽ യഹോവ നിനക്കു തന്നിട്ടുള്ള നിന്റെ ആടുമാടുകളിൽ ഏതിനെ എങ്കിലും ഞാൻ നിന്നോടു കല്പിച്ചതുപോലെ അറുക്കുകയും നിന്റെ പട്ടണങ്ങളിൽവെച്ചു നിന്റെ ഇഷ്ടംപോലെ ഒക്കെയും തിന്നുകയും ചെയ്യാം.

Deut. 12:22 കലമാനിനെയും പുള്ളിമാനിനെയും തിന്നുന്നതുപോലെ നിനക്കു അവയെ തിന്നാം; ശുദ്ധന്നും അശുദ്ധന്നും ഒരുപോലെ തിന്നാം.

Deut. 12:26 നിന്റെ പക്കലുള്ള വിശുദ്ധവസ്തുക്കളും നിന്റെ നേർച്ചകളും മാത്രം നീ എടുത്തുകൊണ്ടു യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തേക്കു പോകേണം.

Deut. 12:27 അവിടെ നിന്റെ ദൈവമായ യഹോവയുടെ യാഗപീഠത്തിന്മേൽ നിന്റെ

ഹോമയാഗങ്ങൾ മാംസത്തോടും രക്തത്തോടുംകൂടെ അർപ്പിക്കേണം; നിന്റെ ഹനനയാഗങ്ങളുടെ രക്തം നിന്റെ ദൈവമായ യഹോവയുടെ യാഗപീഠത്തിന്മേൽ ഒഴിക്കേണം; അതിന്റെ മാംസം നിനക്കു തിന്നാം.

Deut. 14:22 ആണ്ടുതോറും നിലത്തു വിതെച്ചുണ്ടാകുന്ന എല്ലാവിളവിലും ദശാംശം എടുത്തുവെക്കേണം.

Deut. 14:23 നിന്റെ ദൈവമായ യഹോവയെ എല്ലായ്പോഴും ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നീ നിന്റെ ധാന്യത്തിന്റെയും വീഞ്ഞിന്റെയും എണ്ണയുടെയും ദശാംശവും നിന്റെ ആടുമാടുകളുടെ കടിഞ്ഞൂലുകളെയും അവന്റെ സന്നിധയിൽവെച്ചു തിന്നേണം.

Deut. 15:19 നിന്റെ മാടുകളിലും ആടുകളിലും കടിഞ്ഞൂലായി പിറക്കുന്ന ആണിനെ ഒക്കെയും നിന്റെ ദൈവമായ യഹോവെക്കു ശുദ്ധീകരിക്കേണം; നിന്റെ മാടുകളുടെ കടിഞ്ഞൂലിനെക്കൊണ്ടു വേല ചെയ്യിക്കരുതു; നിന്റെ ആടുകളുടെ കടിഞ്ഞൂലിന്റെ രോമം കത്രിക്കയും അരുതു.

Deut. 15:20 യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നീയും നിന്റെ കുടുംബവും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു അതിനെ ആണ്ടുതോറും തിന്നേണം.

Deut. 16:16 നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ആണുങ്ങളൊക്കെയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാളിലും വാരോത്സവത്തിലും കൂടാരപ്പെരുനാളിലും ഇങ്ങനെ സംവത്സരത്തിൽ മൂന്നു പ്രാവശ്യം അവന്റെ സന്നിധിയിൽ വരേണം; എന്നാൽ യഹോവയുടെ സന്നിധിയിൽ വെറുങ്കയ്യായി വരരുതു.

Deut. 16:17 നിന്റെ ദൈവമായ യഹോവ നിനക്കു തന്നിട്ടുള്ള അനുഗ്രഹത്തിന്നു തക്കവണ്ണം ഓരോരുത്തൻ താന്താന്റെ പ്രാപ്തിപോലെ കൊണ്ടുവരേണം.

A. നല്ലദേശത്തിലെ വിളവുകളുടെ അധികപങ്ക് ക്രിസ്തുവിനെ മുൻകുറിക്കുന്നു—8:7-10.

Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Deut. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.

B. യിസ്രായേൽ ജനം കനാന്റെ വിളവുകൾ ദൈവത്തിന് അർപ്പിക്കുകയും ദൈവത്തോടുകൂടെ അത് ആസ്വദിക്കുകയും ചെയ്തു.

C. നല്ലദേശത്തിലെ വിളവുകളുടെ അധികപങ്കിന്റെ ആസ്വാദനം, ദൈവത്തോടുള്ള നമ്മുടെ ആരാധന എന്ന നിലയിൽ ക്രിസ്തുവിന്റെ സംഘാത ആസ്വാദനത്തെ മുൻകുറിക്കുന്നു—എഫെ. 3:8.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

D. ഈ മുൻകുറിയുടെ പുതിയനിയമ നിറവേറൽ അനുസരിച്ച്, സംഘാതമായ ഒരു രീതിയിൽ ദൈവത്തെ ആരാധിക്കുവാൻ നാം വരുമ്പോൾ, നാം അനുഭവമാക്കിയ ക്രിസ്തുവിനെ നാം കൊണ്ടുവരണം—എഫെ. 3:17-18; കൊലൊ. 1:27; 3:3-4, 11.

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

Eph. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

Col. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

Col. 3:3 എന്തെന്നാൽ നിങ്ങൾ മരിച്ചു, നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.

Col. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

**II. നാം സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ വിശ്വസ്തതയോടെ അധ്വാനിക്കുന്നുവെങ്കിൽ, സഭായോഗങ്ങളിൽ ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാനുള്ള വിളവെന്ന നിലയിൽ ക്രിസ്തുവിന്റെ സമ്പത്ത് നമുക്കുണ്ടായിരിക്കും—എഫെ. 3:8; 1 കൊരി. 14:26:**

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

A. എല്ലാ ദിവസവും ക്രിസ്തുവിന്മേൽ അധ്വാനിക്കുകയും, അങ്ങനെ യോഗങ്ങളിൽ ക്രിസ്തുവിന്റെ സമ്പന്നമായ പ്രദർശനത്തിനുവേണ്ടി ക്രിസ്തുവിന്റെ സമ്പന്നമായ അധികപങ്ക് കൊണ്ടുവരാൻ ഉണ്ടായിരിക്കുകയും ചെയ്യുക എന്നതാണ് ക്രിസ്ത്യാനികളുടെ ശരിയായ ജീവിതം—വാ. 26:

1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

1. ക്രിസ്തുവിന്റെ ഒരു പ്രദർശനം ഉണ്ടായിരിക്കുന്നതിന് നാം സഭായോഗങ്ങളിൽ കൂടിവരുന്നു—കൊലൊ. 1:18, 27.

Col. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

Col. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം

എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

2. ക്രിസ്തുവിന്റെ സമ്പത്ത് നാം ദിനന്തോറും അനുഭവിക്കുന്നതിലൂടെ, ഈ സമ്പത്ത് ക്രിസ്തുവിന്റെ വിളവുകളുടെ ഒരു പ്രദർശനമായിത്തീരും—എഫെ. 3:8, 17-18; കൊലൊ. 2:6, 9-10, 17.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

Eph. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

Col. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

Col. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

Col. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

3. നമ്മുടെ യോഗങ്ങൾ എല്ലായ്പോഴും ക്രിസ്തു എന്താണെന്നും, ക്രിസ്തുവിന് എന്തുണ്ടെന്നും, ക്രിസ്തു എന്തു ചെയ്യുന്നു എന്നും പ്രകടമാക്കുന്ന ഒരു പ്രദർശനമായിരിക്കണം—എബ്രാ. 1:3; 2:9, 14; 1 യോഹ. 3:8; 4:9, 15; പ്രവൃ. 2:24, 32-33; വെളി. 1:17-18.

Heb. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

Heb. 2:9 എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു.

Heb. 2:14 ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്,

1 John. 3:8 പാപം അഭ്യസിക്കുന്നവൻ പിശാചിൽ നിന്നാകുന്നു, എന്തുകൊണ്ടെന്നാൽ പിശാച് ആദിമുതൽ പാപം ചെയ്തിരിക്കുന്നു. പിശാചിന്റെ പ്രവൃത്തികളെ, നശിപ്പിക്കേണ്ടതിനാകുന്നു ദൈവപുത്രൻ വെളിവായത്.

1 John. 4:9 നമുക്ക് ജീവൻ ഉണ്ടായിട്ട് അവനിലൂടെ ജീവിക്കേണ്ടതിന് തന്റെ

ഏകജാതനായ പുത്രനെ ദൈവം ലോകത്തിലേക്ക് അയച്ചു എന്നതിൽ, ദൈവസ്നേഹം നമ്മുടെ ഇടയിൽ വെളിവായി.

1 John. 4:15 യേശു ദൈവപുത്രൻ എന്ന് ആരെല്ലാം ഏറ്റുപറയുന്നുവോ, ദൈവം അവനിലും അവൻ ദൈവത്തിലും വസിക്കുന്നു.

Acts. 2:24 മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ അസാധ്യമായിരുന്നതിനാൽ, മരണയാതനകൾ അഴിച്ചുകൊണ്ട് ദൈവം അവനെ ഉയിർപ്പിച്ചു.

Acts. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

Acts. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

Rev. 1:17 അവനെ കണ്ടപ്പോൾ, ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു; അവനോ തന്റെ വലം കൈ എന്റെമേൽ വച്ചു പറഞ്ഞത്, ഭയപ്പെടേണ്ട; ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും

Rev. 1:18 ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ എന്നെന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്.

B. ദൈവം നമുക്കു നൽകിയ ക്രിസ്തുവിനെ മാത്രമല്ല, നാം ഉല്പാദിപ്പിച്ച ക്രിസ്തുവിനെ, നാം അധ്വാനിക്കുകയും അനുഭവമാക്കുകയും ചെയ്ത ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാനും നാം കൂടിവരുന്നു; ഈ ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാനാണ് നാം ഒരുമിച്ച് കൂടിവരുന്നത്—കൊലൊ. 1:12-13; ഫിലി. 3:10.

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Col. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

Phil. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

C. നാം തുടർച്ചയായി ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നുവെങ്കിൽ, ക്രിസ്തുവിന്റെ സമ്പന്നമായ പ്രദർശനത്തിനുവേണ്ടി യോഗങ്ങളിലേക്ക് കൊണ്ടുവരാൻ ക്രിസ്തുവിന്റെ സമ്പന്നമായ അധികപങ്ക് നമുക്കുണ്ടായിരിക്കും—1 കൊരി. 1:24, 30; 10:3-4; 14:26.

1 Cor. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

1 Cor. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

1 Cor. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു,

1 Cor. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

D. നാം ഒരുമിച്ച് കൂടിവരുമ്പോഴെല്ലാം, അത് ഏതു യോഗമായിരുന്നാലും, ദൈവത്തിന് അർപ്പിക്കേണ്ട അധികപങ്കായി നാം അനുഭവമാക്കിയ ക്രിസ്തുവിനെക്കൊണ്ട് നാം വരുകയും, ശത്രുവിനെ ലജ്ജിപ്പിച്ചുകൊണ്ട് മുഴുവൻ പ്രപഞ്ചത്തിനും ശത്രുവിനും മുമ്പാകെ അതു പ്രദർശിപ്പിക്കുകയും വേണം—യോഹ. 4:23-24; എഫെ. 3:10, 17; 4:15:

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

Eph. 3:10 അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും,

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

Eph. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

1. അപ്പോൾ നമ്മുടെ യോഗങ്ങൾ ക്രിസ്തുവിനാൽ നിറഞ്ഞിരിക്കുന്നതുകൊണ്ട് അവ സമ്പുഷ്ടവും ശക്തവുമായിരിക്കും—കൊലൊ. 3:4, 10-11.

   Col. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

   Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

   Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

2. അങ്ങനെയുള്ള സഭാജീവിതം ക്രിസ്തുവിന്റെ ഒരു പ്രദർശനം, ക്രിസ്തുവിന്റെ ഒരു ആവിഷ്കാരം ആണ്—എഫെ. 3:21.

   Eph. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

3. ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാൻ എല്ലാ യോഗത്തിലും നാം ക്രിസ്തുവിന്റെ അധികപങ്ക് കൊണ്ടുവരണം—വാ. 8.

   Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

4. നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുകയും അവനെ പ്രദർശിപ്പിക്കുവാൻ കൂടിവരുകയും വേണം—1 പത്രൊ. 1:8.

   1 Pet. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്,

നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

E. ശരിയായ ക്രിസ്തീയ യോഗങ്ങൾ ഉണ്ടായിരിക്കുന്നതിന് നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ നാം ദിവസവും കർത്താവിനെ ബന്ധപ്പെടുകയും, തുടർന്ന് നാം ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാനും മറ്റുള്ളവരുമായി ക്രിസ്തുവിനെ പങ്കിടുവാനും വരുന്നുവെന്ന തിരിച്ചറിവോടും ബോധ്യത്തോടുംകൂടെ യോഗങ്ങളിലേക്കു വരുകയും വേണം—1 കൊരി. 14:26.

1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

F. "ക്രിസ്തുവിൻ സമൃദ്ധിയിൽ നാം / കൂടി വന്നീടുമ്പോൾ എല്ലാം / ദൈവത്തിനു നാം അർപ്പിപ്പൂ, / ക്രിസ്തുവെ പ്രദർശിപ്പൂ / ക്രിസ്തുവെ പ്രദർശിപ്പൂ / ക്രിസ്തുവെ പ്രദർശിപ്പൂ / സഭയിൽ അധികം കൊണ്ടുവന്നു / ക്രിസ്തുവെ പ്രദർശിപ്പൂ"—ഗീതം, ML165 - E864, Stanza 1 & chorus.

**III. നമ്മുടെ പിതാവായ ദൈവത്തിന്റെ സംഘാത ആരാധനയ്ക്കായി സഭായോഗങ്ങളിൽ കൊണ്ടുവരേണ്ടതിന് ക്രിസ്തുവിന്റെ അധികപങ്ക് ഉണ്ടായിരിക്കുന്നതിനായി നാം സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കണം—യോഹ. 4:23-24; എഫെ. 3:21:**

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

Eph. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

A. “നാല്പത് വർഷത്തിലേറെയായി [1982-ൽ സംസാരിച്ചത്] ഞാൻ യഥാർഥ ദൈവാരാധനയെ സംബന്ധിച്ച് യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ യുദ്ധം ഇതുവരെ ജയിച്ചിട്ടില്ല”—*The Fulfillment of the Tabernacle and the Offerings in the Writings of John, p. 142.*

B. പിതാവിനെ നാം ആരാധിക്കുവാനായി, ക്രിസ്തുവിന്റെ ഒരു വിളവുമായി അവന്റെ അടുക്കൽ വരണമെന്ന് പിതാവ് ആവശ്യപ്പെടുന്നു; അങ്ങനെ, ക്രിസ്തുവിന്റെ സമ്പത്തോടുകൂടെ നാം സഭായോഗങ്ങളിലേക്ക് വരണം—യോഹ. 4:23-24; എഫെ. 3:8.

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

C. പിതാവായ ദൈവത്തിന്റെ സംഘാത ആരാധനയ്ക്കായി സഭായോഗങ്ങളിലേക്ക് കൊണ്ടുവരേണ്ടതിന് ക്രിസ്തുവിന്റെ സമ്പത്തിന്റെ ഒരു വിളവ് ഉണ്ടായിരിക്കുന്നതിന് നാം ദിവസവും ക്രിസ്തുവിന്മേൽ അധ്വാനിക്കണം; അങ്ങനെ ക്രിസ്തു ഉയർത്തപ്പെടുകയും മഹത്വപ്പെടുകയും, പിതാവ് പ്രസാദിക്കുകയും സംതൃപ്തനാകുകയും ചെയ്യും—ആവ. 12:6; 16:15-17; 1 കൊരി. 14:26; യോഹ. 4:23-24.

Deut. 12:6 അവിടെ തന്നേ നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങളുടെ നേർച്ചകൾ, സ്വമേധാദാനങ്ങൾ, നിങ്ങളുടെ ആടുമാടുകളുടെ കടിഞ്ഞൂലുകൾ എന്നിവയെ നിങ്ങൾ കൊണ്ടുചെല്ലേണം.

Deut. 16:15 യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു നിന്റെ ദൈവമായ യഹോവെക്കു ഏഴു ദിവസം പെരുനാൾ ആചരിക്കേണം; നിന്റെ അനുഭവത്തിൽ ഒക്കെയും നിന്റെ കൈകളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കും; അതുകൊണ്ടു നീ വേണ്ടുംവണ്ണം സന്തോഷിക്കേണം.

Deut. 16:16 നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ആണുങ്ങളൊക്കെയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാളിലും വാരോത്സവത്തിലും കൂടാരപ്പെരുനാളിലും ഇങ്ങനെ സംവത്സരത്തിൽ മൂന്നു പ്രാവശ്യം അവന്റെ സന്നിധിയിൽ വരേണം; എന്നാൽ യഹോവയുടെ സന്നിധിയിൽ വെറുങ്കയ്യായി വരരുതു.

Deut. 16:17 നിന്റെ ദൈവമായ യഹോവ നിനക്കു തന്നിട്ടുള്ള അനുഗ്രഹത്തിന്നു തക്കവണ്ണം ഓരോരുത്തൻ താന്താന്റെ പ്രാപ്തിപോലെ കൊണ്ടുവരേണം.

1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

D. നമ്മുടെ കൈകൾ ക്രിസ്തുവിനെക്കൊണ്ട് നിറഞ്ഞിരിക്കുവാനും, തുടർന്ന് ദൈവത്തിന്റെ മക്കളോടും പിതാവായ ദൈവത്തോടുംകൂടെ ഈ സമ്പന്നനും മഹത്വവാനുമായ ക്രിസ്തുവിനെ ആസ്വദിക്കുവാൻ സഭായോഗങ്ങളിലേക്ക് വരുന്നതിനും നാം ക്രിസ്തുവിന്മേൽ ശുഷ്കാന്തിയോടെ അധ്വാനിക്കുന്നത് നിർണായകമാണ്—1 കൊരി. 10:31; 14:26; യോഹ. 4:23-24; റോമ. 15:6.

1 Cor. 10:31 അതുകൊണ്ട് നിങ്ങൾ ഭക്ഷിച്ചാലും പാനം ചെയ്താലും, മറ്റെന്തു ചെയ്താലും, സകലവും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ.

1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും

ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

Rom. 15:6 അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ.

E. കർത്താവിനെ ഓർക്കുവാനും പിതാവിനെ ആരാധിക്കുവാനുമായി നാം കർതൃമേശാ യോഗത്തിൽ വരുമ്പോഴെല്ലാം, ക്രിസ്തുവിന്മേലുള്ള നമ്മുടെ ദൈനംദിന അധ്വാനത്താൽ ഉൽപാദിപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ സമ്പത്തോടുകൂടെ നാം വരണം—ആവ. 16:15-17:

Deut. 16:15 യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു നിന്റെ ദൈവമായ യഹോവെക്കു ഏഴു ദിവസം പെരുനാൾ ആചരിക്കേണം; നിന്റെ അനുഭവത്തിൽ ഒക്കെയും നിന്റെ കൈകളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കും; അതുകൊണ്ടു നീ വേണ്ടുംവണ്ണം സന്തോഷിക്കേണം.

Deut. 16:16 നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിന്റെ ആണുങ്ങളൊക്കെയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാളിലും വാരോത്സവത്തിലും കൂടാരപ്പെരുനാളിലും ഇങ്ങനെ സംവത്സരത്തിൽ മൂന്നു പ്രാവശ്യം അവന്റെ സന്നിധിയിൽ വരേണം; എന്നാൽ യഹോവയുടെ സന്നിധിയിൽ വെറുങ്കയ്യായി വരരുതു.

Deut. 16:17 നിന്റെ ദൈവമായ യഹോവ നിനക്കു തന്നിട്ടുള്ള അനുഗ്രഹത്തിന്നു തക്കവണ്ണം ഓരോരുത്തൻ താന്താന്റെ പ്രാപ്തിപോലെ കൊണ്ടുവരേണം.

1. ക്രിസ്തുവിനോടുകൂടെ ദൈവത്തെ ആരാധിക്കുന്നത് അന്യോന്യവും ദൈവത്തോടു കൂടെയും ക്രിസ്തുവിനെ ആസ്വദിച്ചുകൊണ്ട് എല്ലാ ദൈവമക്കളോടുംകൂടെ കൂട്ടായി അവനെ ആരാധിക്കുന്നതാണ്—1 കൊരി. 14:26.

   1 Cor. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ..

2. മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും വിളവിന്റെ ഏറ്റവും നല്ല ഭാഗം പിതാവായ ദൈവത്തിന് അവന്റെ സന്തോഷത്തിനും ആനന്ദത്തിനും സംതൃപ്തിക്കും വേണ്ടി അർപ്പിക്കുവാനും ഒരു അധികപങ്ക് ഉണ്ടായിരിക്കത്തക്കവണ്ണം നാം ക്രിസ്തുവിനെ മതിയാംവണ്ണം ഉൽപാദിപ്പിക്കണം—ആവ. 15:11; 18:3-4; 12:11.

   Deut. 15:11 ദരിദ്രൻ ദേശത്തു അറ്റുപോകയില്ല; അതുകൊണ്ടു നിന്റെ ദേശത്തു അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന്നു നിന്റെ കൈ മനസ്സോടെ തുറന്നു കൊടുക്കേണമെന്നു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു.

   Deut. 18:3 ജനത്തിൽനിന്നു പുരോഹിതന്മാർക്കു ചെല്ലേണ്ടുന്ന അവകാശം എന്തെന്നാൽ: മാടിനെയോ ആടിനെയോ യാഗം കഴിക്കുന്നവൻ

കൈക്കുറകും കവിൾ രണ്ടും ആമാശയവും കൊടുക്കേണം.

Deut. 18:4 ധാന്യം, വീഞ്ഞു, എണ്ണ എന്നിവയുടെ ആദ്യഫലവും നിന്റെ ആടുകളെ കത്രിക്കുന്ന ആദ്യരോമവും നീ അവന്നു കൊടുക്കേണം.

Deut. 12:11 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങൾ യഹോവെക്കു നേരുന്ന വിശേഷമായ നേർച്ചകൾ എല്ലാം എന്നിങ്ങനെ ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും നിങ്ങൾ കൊണ്ടുവരേണം.

F. ഈ അന്ത്യനാളുകളിൽ, ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും മണവാളന്റെ വരവിനായി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും യോഗങ്ങളിൽ തന്റെ സമ്പത്തിന്റെ ഒരു അധികപങ്കിനായി യഥാർഥ ക്രിസ്താനുഭവത്തെ കർത്താവ് പ്രത്യുദ്ധരിക്കും.

## IV. യോഹന്നാൻ 4:23-24 അനുസരിച്ച്, നമ്മുടെ പിതാവായ ദൈവത്തെ നാം ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം:

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

A. ദിവ്യ വെളിച്ചത്തോടു (1 യോഹ. 1:5) ഒത്തുവരുന്ന ഒരു ജീവിതം നയിക്കുവാനും ദൈവം താൻ ആയിരിക്കുന്നതിനൊത്തവണ്ണം, അവൻ അന്വേഷിക്കുന്നതുപോലെ, അവനെ ആരാധിക്കുവാനും നമുക്ക് കഴിയേണ്ടതിന് (2 യോഹ. 1; 3 യോഹ. 1) സത്യസന്ധത എന്നത് ആവിഷ്കരിക്കപ്പെട്ട ദിവ്യയാഥാർഥ്യം—പുത്രനായ യേശു ക്രിസ്തുവിൽ മനുഷ്യനിലേക്ക് പകരപ്പെട്ട ത്രിയേക ദൈവം—നമ്മുടെ നിർവ്യാജത്വവും ആത്മാർഥതയും ആയിത്തീരുന്നതാണ്.

1 John. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

2 John. 1:1 നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ എന്നേക്കും ഇരിക്കുന്നതുമായ സത്യം നിമിത്തം, ഞാൻ മാത്രമല്ല സത്യം അറിഞ്ഞിരിക്കുന്ന എല്ലാവരും,

3 John. 1:1 മൂപ്പനായ ഞാൻ സത്യസന്ധതയിൽ സ്നേഹിക്കുന്ന പ്രിയ ഗായൊസിന് എഴുതുന്നു.

B. ദിവ്യയാഥാർഥ്യത്തിന്റെ ആസ്വാദനത്തിൽനിന്ന് മാനുഷിക സത്യസന്ധതയും ആത്മാർഥതയും നിർവ്യാജത്വവും വരുന്നു—യോഹ. 4:23-24; 1 യോഹ. 3:18; 2 യോഹ. 1; 3 യോഹ. 1.

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

1 John. 3:18 കുഞ്ഞുങ്ങളേ, വാക്കിലും നാവിലും അല്ല പ്രവൃത്തിയിലും സത്യസന്ധതയിലും നാം സ്നേഹിക്കുക.

2 John. 1:1 നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ എന്നേക്കും ഇരിക്കുന്നതുമായ സത്യം നിമിത്തം, ഞാൻ മാത്രമല്ല സത്യം അറിഞ്ഞിരിക്കുന്ന എല്ലാവരും,

3 John. 1:1 മൂപ്പനായ ഞാൻ സത്യസന്ധതയിൽ സ്നേഹിക്കുന്ന പ്രിയ ഗായൊസിന് എഴുതുന്നു.

C. സത്യസന്ധത എന്നത് മാനുഷിക നന്മ എന്ന നിലയിലും ദിവ്യ യാഥാർഥ്യത്തിന്റെ ഫലം എന്ന നിലയിലും മാനുഷിക നിർവ്യാജത്വവും ആത്മാർഥതയും കളങ്കമില്ലായ്മയും വിശ്വസ്തതയും വിശ്വാസയോഗ്യതയും ആണ്—യോഹ. 14:6.

John. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

D. യോഹന്നാൻ 4:23-24-ലെ *സത്യസന്ധത,* ദൈവത്തെ സത്യമായി ആരാധിക്കുന്നതിനുവേണ്ടി ദിവ്യയാഥാർഥ്യം മനുഷ്യന്റെ നിർവ്യാജത്വവും ആത്മാർഥതയും ആയിത്തീരുന്നതാണ്.

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

E. വിശ്വാസികളുടെ ഉള്ളിലെ യാഥാർഥ്യമായിരിക്കുവാൻ അവർ പങ്കുചേരുകയും പാനംചെയ്യുകയും ചെയ്ത ജീവൻ-നൽകുന്ന ആത്മാവായ ജീവജലത്തിന്റെ ഉറവയായ ക്രിസ്തു ആണ് ദിവ്യയാഥാർഥ്യം; അത് ആത്യന്തികമായി ദൈവം അന്വേഷിക്കുന്ന ആരാധനയിൽ അവർ ദൈവത്തെ ആരാധിക്കുന്ന അവരുടെ നിർവ്യാജത്വവും ആത്മാർഥതയും ആയിത്തീരുന്നു—വാ. 10, 14, 23.

John. 4:10 യേശു അവളോട്, നീ ദൈവത്തിന്റെ ഉപഹാരത്തെയും, എനിക്കു കുടിക്കുവാൻ നൽകുക എന്നു നിന്നോട് പറയുന്നവൻ ആരാകുന്നു എന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോട് ചോദിക്കുകയും, അവൻ നിനക്ക് ജീവജലം നൽകുകയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു.

John. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

F. സത്യസന്ധതയിൽ പിതാവിനെ ആരാധിക്കുക എന്നത് ദിവ്യ യാഥാർഥ്യമെന്ന നിലയിൽ നാം ത്രിയേക ദൈവത്തെ അനുഭവിച്ചതിലൂടെയും ആസ്വാദിച്ചതിലൂടെയും നമ്മുടെ വ്യക്തിപരമായ യാഥാർഥ്യമായിത്തീരുവാൻ

നമ്മുടെ ആളത്തത്തെ സാന്ദ്രീകരിച്ച ക്രിസ്തുവിനെക്കൊണ്ട് അവനെ ആരാധിക്കുന്നതാണ്—വാ. 23-24.

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം..